കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 05 | 2023 |
|---|---|



ശബരിമല പത്രക്കുറിപ്പ് - 2


ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


## അയ്യപ്പന് കാണിക്കയായി സംഗീതാർച്ചന

ഭക്തവത്സലനായ ശബരീനാഥന് സ്വരഗീതകം കൊ ് അർച്ചനയേകി സംഗീതാധ്യാപകനായ ബേബി പ്രകാശ്. തൃപ്പൂണിത്തുറ ആർ എൽ വി സംഗീത കോളേജ് അധ്യാപകനായ ബേബി പ്രകാശ് ശിഷ്യരോടൊത്താണ് സന്നിധാനം നടപ്പന്തലിലെ മുഖമണ്ഡപത്തിൽ സംഗീതക്കച്ചേരി നടത്തിയത്. നിനു കോരി വസന്ത വർണ്ണത്തിൽ ആരംഭിച്ച കച്ചേരി ഹംസധ്വനി രാഗത്തിലെ വരവല്ലഭയെന്ന ഗണപതി സ്തുതിയോടെ മുറുകി. കീരവാണി രാഗത്തിൽ രാമനാട് ശ്രീനിവാസ അയ്യങ്കാർ ചിട്ടപ്പെടുത്തിയ നിജമുഖ രാമാ എന്ന കീർത്തനമായിരുന്നു മുഖ്യാലാപാനം.കീരവാണി രാഗത്തിന്റെ സൂക്ഷ്മഭാവങ്ങളെ ബേബി പ്രകാശ് ഉള്ളറിഞ്ഞാലപിച്ചപ്പോൾ ദർശനത്തിനെത്തിനെത്തിയ തീർത്ഥാടകർക്ക് വിരുന്നായി .മായാമാളവ ഗൗളയിലെ ദേവദേവ കലയാമിതേ എന്ന കൃതിക്ക് ശേഷം ജോൻപുരിയിലെ തില്ലാനയോടെ മംഗളം പാടി ബേബി കച്ചേരിക്ക് വിരാമമിട്ടു. ആർ എൽ വി യിൽ ബേബി പ്രകാശിന്റെ ശിഷ്യരായ എം എസ് സതീഷ് മൃദംഗത്തിലും മാനവ് രാജ് വയലനിലും പക്കം ഒരുക്കി.

**ഫോട്ടോ ക്യാപ്ഷൻ: എൽ.വി. സംഗീത കോളജിലെ അധ്യാപകനും സംഗീതജ്ഞനുമായ ബേബി പ്രകാശ് മുഖമണ്ഡപത്തിൽ അവതരിപ്പിച്ച കർണാടക സംഗീത കച്ചേരി. മൃദംഗം പക്കം എം.എസ്. സതീഷ്, വയലിൻ മാനവ് രാജ്.**

(പി.ആർ. ശബരി- 238)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.